പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1132 — 14.6.2012 ൽ മറുപടിയ്ക്ക്

## നേമം നിയോജക മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിൽ എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ ഉണ്ട് ; | (എ) രണ്ട്. |
| (ബി) ആയവയുടെ ടെലിഫോൺ നമ്പർ, നിലവിലെ സബ് രജിസ്ട്രാറുടെ പേര് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) സബ് രജിസ്ട്രാർ ഓഫീസ്, നേമം<br>ഫോൺ നമ്പർ - 0471-2394242<br>സബ് രജിസ്ട്രാർ - ശ്രീ.വി.എം.സത്യസേനൻ<br><br>സബ് രജിസ്ട്രാർ ഓഫീസ്, തിരുവല്ലം<br>ഫോൺ നമ്പർ -0471-2381018<br>സബ് രജിസ്ട്രാർ - ശ്രീ.മോഹൻ രാജ്.കെ. |
| (സി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസ് പരിധികളിലും നേമം നിയോജകമണ്ഡലത്തിലാകെയും ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യു പട്ടിക ലഭ്യമാക്കുമോ ? | (സി) കേരളത്തിലെ ഭൂമിയുടെ ഫെയർവാല്യു പട്ടിക, 06-03-2010 -ലെ കേരള ഗസറ്റ് (അസാധാരണം) 515-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി ന്യായവില വിജ്ഞാപനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസ്, വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ് എന്നിവിടങ്ങളിൽ, പൊതുജനങ്ങളുടെ അറിവിനും പരിശോധനയ്ക്കുമായി സൂക്ഷിച്ചു വരുന്നുണ്ട്.<br>നേമം സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലെ നേമം വില്ലേജിലെ ഫെയർവാല്യു, 3 വാല്യങ്ങളിലായി 1 മുതൽ 897 വരെ പേജുകളും, കല്ലിയൂർ വില്ലേജിലെ |

ഫെയർവാല്യു, 3 വാല്യങ്ങളിലായി 1 മുതൽ 1088 പേജുകളുമാണ് ഉള്ളത്.

തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലുള്ള തിരുവല്ലം വില്ലേജിലെ ഫെയർവാല്യു, 2 വാല്യങ്ങളിലായി 1 മുതൽ 553 വരെ പേജുകളാണുള്ളത്.

ചാല സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലെ തിരുമല വില്ലേജിലെ ഫെയർവാല്യു, 3 വാല്യങ്ങളിലായി 1 മുതൽ 845 വരെ പേജുകളാണുള്ളത്.

ടി വില്ലേജുകളിലെ ഫെയർ വാല്യുവിന്റെ വിശദവിവരങ്ങൾ, രജിസ്ട്രേഷൻ വകുപ്പിന്റെ, www.igr.kerala.gov.in എന്ന വെബ്സൈറ്റിൽ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ